**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 722

30.01.2019 ലെ മറുപടിയ്ക്ക്.

**പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ഫണ്ടിന്റെ വിനിയോഗം**

| **ചോദ്യം**<br>**ശ്രീ. എം. ഉമ്മർ :** | | **ഉത്തരം**<br>**എ. കെ. ബാലൻ**<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി | |
|---|---|---|---|
| (എ) | പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി നീക്കിവച്ച തുക ചെലവഴിക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | 2018-19 സാമ്പത്തിക വർഷം വകയിരുത്തിയ പ്ലാൻ ഫണ്ടിൽ നിന്നും ഇനിയും എത്ര കോടി രൂപയാണ് ചെലവഴി-ക്കാനുള്ളത്; വിശദമാക്കാമോ; | (ബി) | പട്ടികജാതി വികസന വകുപ്പിന്റെ പദ്ധതി വിഹിതമായ 1491.39 കോടിയിൽ 861.03 കോടി രൂപ ചെലവായി. 630.36 കോടി രൂപ ചെലവഴിക്കാൻ ബാക്കിയുണ്ട്.<br>പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പദ്ധതി വിഹിതമായ 597.12 കോടി രൂപയിൽ 373.47 കോടി രൂപ ചെലവായി. 223.65 കോടി രൂപ ബാക്കിയുണ്ട്. പദ്ധതി വിഹിതം 20% വെട്ടിച്ചുരുക്കുന്നതിനു മുമ്പുള്ള അടങ്കലിനെ അടിസ്ഥാനപ്പെടുത്തിയാണ് ഈ കണക്കുകൾ നൽകിയിരിക്കുന്നത്. |
| (സി) | ഈ സാമ്പത്തിക വർഷം തന്നെ പ്രസ്തുത തുക ചെലവഴിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | നടപടി സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**